കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പുതുനഗരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഡി-പി.കെ.ഡി 19-2032/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ്കാര്യാലയം,പാലക്കാട്,

തീയതി 23.10.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുതുനഗരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പുതുനഗരം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇമെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഡി-പി.കെ.ഡി 19-2032/2017 തീയതി. 23.10.2017.

# <u>പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-11-16 മുതൽ 8-8-17 വരെ തിയ്യതി വരെ വിവിധ

ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങളുടെ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രതീഷ്കുമാർ.പി.എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.8.2017മുതൽ 21.8.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബിന്ദു.പി.ജി,ഓഡിറ്റ് ഓഫീസർ, ( ഹ.ഗ്രേ) |
| | ശ്രീമതി.പി.രമാദേവി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സരിത.പി ,സീ.ഗ്രേ.ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.മുഹമ്മദ്ദ് ഫാറൂഖ് | 1.4.2016-31.3.2017 |
| സെക്രട്ടറി | ശ്രീ എൻ.എൻ.മുഹമ്മദ്കാസിം | 1.4.2016-31.3.2017 |

| നിർവ്വഹണ ഉദ്യോഗസ്ഥർ |
|---|

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സിറോഷ് | 1.04.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.ഹസീന | 1.4.2016 - 10.6.2016 |
| | ശ്രീ സത്യംഗപാണി | 10.06.2016-31.03.2017 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. ബിജി.വി.വി | 1.04.2016 - 7.08.2016 |
| | ശ്രീ ബർദീഷ | 7.08.2016 - 31.03.2017 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ. ഷീജ.എസ് | 1.04.2016 - 31.03.2017 |
| ഹെഡ്മാസ്ററർ | | |
| വി.ഇ.ഒ സർക്കിൾ-1 | ശ്രീ ഹസ്സൻ.എം | 1.4.2016– 6.10.2016FN |
| | ശ്രീ ശിവപ്രസാദ്.കെ | 6.10.2016 – 14.11.2016 |
| | ശ്രീ പ്രദീപ്കുമാർ.സി.ആർ | 14.11.2016 – 31.3.2017 |
| വി.ഇ.ഒ സർക്കിൾ-2 | ശ്രീമതി സുദർശിനി.സി.എൻ | 7.3.2017 – 31.3.2017 |
| | | |
| കൃഷി ഓഫീസർ | ശ്രീമതി വസന്ത.ആർ | 1.04.2016- 31.03.2017 |
| സീനിയർ വെറ്ററിനറി സർജൻ | | |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ ജി.സുരേഷ് കുമാർ | 1.04.2016 – 31.07.2016 |
| | ശ്രീമതി സജ്ന | 1.08.2016 – 31.03.2017 |
| ഐ.സി.ഡി .എസ്.സൂപ്പർവൈസർ | ശ്രീമതി എച്ച്.എൻ.ആഗ്നസ് | 1.04.2016 – 31.03.2017 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി പ്രിൻസി എസ്.ജോൺ | 1.04.2016 - 31.03.2017 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് തിയതിയിലെ തീരുമാനം പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് ) ചെലവ് രൂപയും നീക്കിയിരിപ്പ് രൂപയുമാണ്.

5.3.2016 തിയ്യതിയിലെ തീരുമാനം 1 പ്രകാരം നിയമസഭ തെരെഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ 2015-16 വർഷത്തെ അതെ സംഖ്യ 2016-17 വർഷത്തെ ബജറ്റ് ആയി തത്ക്കാലം അംഗീകരിക്കുവാനും വിശദമായ പുതിയ ബജറ്റ് തെരെഞ്ഞെടുപ്പ് കഴിഞ്ഞ ശേഷം അംഗീകരിക്കുവാനും തീരുമാനിച്ചു. പിന്നീട് 8.3.2017 തിയ്യതിയിൽ തീരുമാനം ...1... പ്രകാരം പുതിയ ബജറ്റ് അംഗീകരിച്ചു.

| വർഷം | 2015-16 | 2016-17 |
|---|---|---|
| മുൻബാക്കി | 9840000 | 8729300 |
| പ്രതീക്ഷിത വരവ് | 55595000 | 58685660 |
| | | |

| | | |
|---|---|---|
| ഒട്ടാകെ | 65435000 | 67414960 |
| പ്രതീക്ഷിത ചെലവ് | 56705700 | 60630120 |
| ബാക്കി | 8729300 | 6784840 |

# 1-2. വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 17.7.2017 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 5340944 |
| വരവ് | 35880100 |
| ആകെ | 41221044 |
| ചെലവ് | 36529032 |
| നീക്കിയിരിപ്പ് | 4692012 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് | 0 | 8470831 | 8470831 | 7232993 | 1237838 | 85.38 |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസനഫണ്ട് എസ്.സി.പി | 0 | 4763391 | 4763391 | 3819647 | 943744 | 80.18 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 2060322 | 2060322 | 368575 | 1691747 | 17.88 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2554755 | 2554755 | 2442867 | 111888 | 95.62 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 4750175 | 4750175 | 3635592 | 114583 | 76.53 |
| പെർഫോമൻസ് ഗ്രാന്റ്(കേന്ദ്രം) | 0 | 2491683 | 2491683 | 711928 | 1779755 | 28.57 |
| പെർഫോമൻസ് ഗ്രാന്റ്(സ്റ്റേറ്റ്) | 0 | 653856 | 653856 | 0 | 653856 | 100 |
| എൻ.ആർ.ഇ.ജി.എ | 16249 | 22023235 | 22039484 | 21994975 | 44509 | 99.79 |

* ഇതിൽ രൂപ 21158065 രൂപ efms transfer ആണ്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവുകൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 2100000 | 1073000 | 51 |
| വി.ഇ.ഒ. | 5 | 5 | 2856600 | 2196400 | 76.88 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 8 | 2897964 | 2211113 | 76.29 |
| സെക്രട്ടറി | 24 | 21 | 7702897 | 6855875 | 89 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 83 | 35 | 16331805 | 4936448 | 30.22 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 783158 | 533158 | 68 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 2 | 572000 | 572000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 60000 | 60000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 3325000 | 1650300 | 49.63 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 150000 | 150000 | 100 |
| ആകെ | 137 | 84 | 36779424 | 20238294 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 137 | 36779424 | 84 | 20238294 | 53 |

അംഗീകാരം ലഭ്യമായ 137 പ്രൊജക്ടുകളിൽ 84 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 55% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ്(ഓഡിറ്റ് റിപ്പോർട്ട് പ്രകാരം | തൻവർഷം വരവ് | വ്യത്യാസം | % |
|---|---|---|---|---|
| നികുതി വരവുകൾ | 3209627 | 4059480 | 849853 | (+)26.47 |
| നികുതിയേതര വരവുകൾ | 626046 | 956411 | 330365 | (+)52.77 |

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ | അന്വേഷണം കഴിഞ്ഞ് തിരിച്ച് ലഭിക്കാത്തവ |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 0 | 0 | 0 | 0 |
| 2 | വിധവാ പെൻഷൻ | 51 | 51 | 0 | 0 |
| 3 | വികലാംഗ പെൻഷൻ | 11 | 10 | 1 | 0 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 5 | വാർദ്ധക്യകാല പെൻഷൻ | 267 | 255 | 12 | 0 |
| 6 | തൊഴിൽ രഹിതവേതനം | 9 | 4 | 2 | 3 |

# 1-9. ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.8.2017 ഉച്ചക്ക് 2.30ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13858/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10. മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23&24-7-2017 | 5/2017&6/2017 | 8.8.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.2.11 to 11.03.11 | 2005-06 to 2009-10 | 8.4.2011 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾക്ക് താഴെ പറയും പ്രകാരം വസ്തു നികുതി കുടിശ്ശിക ഉണ്ട്. കുടിശ്ശിക പിഴപലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | ഇൻസ്റ്റലേഷൻ നടത്തിയ വർഷം | ആകെ വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ | കുടിശ്ശിക തുക |
|---|---|---|---|---|---|---|
| 1 | 3/163 | ഭാരതി ഇൻഫ്രാ ടെലിഫോൺ | 2008-09 | 7560 | 2016-17 രണ്ടാം അർദ്ധവർഷം മുതൽ | 3780 |
| 2 | 5/324 | ബി.എസ്. | 1995-96 | 4620 | 2013-14 | 18480 |

| | | എൻ.എൽ | | | മുതൽ | |
|---|---|---|---|---|---|---|
| 3 | 9/457 | ഇൻഡസ് ടവർ (വൻകരത്ത് ടവർ) | 2012-13 | 24897 | 2016-17 മുതൽ | 24897 |
| 4 | 13/235 | ഇൻഡസ് ടവർ | 2008-09 | 7560 | 2012-13 മുതൽ | 37800 |
| | | | | | ആകെ | 84957 |

# 2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ 2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന കരാറുകാർ വിവിധ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയറുടെ ടെണ്ടർ രജിസ്റ്ററിൽ കാണുന്നു. ഇവരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരൻ | ഏറ്റെടുത്ത പ്രവർത്തികളുടെ ആകെ അടങ്കൽ തുക |
|---|---|---|
| 1 | അഫ്സൽ അലി | 1569000 |
| 2 | ഷാഹുൽഹമീദ് | 526000 |
| 3 | ഫൈസൽ അലി | 1934767 |
| 4 | പ്രശാന്ത് | 2126000 |
| 5 | സുരേഷ് ബാബു | 335000 |
| 6 | മുരളീധരൻ | 1800000 |
| 7 | കെ.എസ്.അബ്ദുൾ കരീം | 435000 |
| 8 | മുസാഫിർ അഹമ്മദ് | 955000 |
| 9 | സമീന | 422000 |

കരാറുകാരിൽ നിന്നും കുടിശ്ശിക സഹിതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

# 2-3 ക്ലോസ് ചെയ്യേണ്ട ബാങ്ക് അക്കൗണ്ടുകൾ

പഞ്ചായത്തിൽ നിലവിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യാവുന്നതാണ്.

| ബാങ്ക് | അക്കൗണ്ട് | 2016-17 നീക്കിയിപ്പ്. | ചെയ്യേണ്ടത്. |
|---|---|---|---|

| | നം. | | |
|---|---|---|---|
| ഇന്ത്യൻ ബാങ്ക് (ലയബിലിറ്റി അക്കൗണ്ട്) | 645304556 | 1161217/- | നീക്കിയിരിപ്പ് തുക ട്രഷറി സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിലേക്ക് മാറ്റി ബാങ്ക് അക്കൗണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ്. |
| സർവ്വീസ് കോ.ഓ.ബാങ്ക് (റിലീഫ് അക്കൗണ്ട്) | 940 | 1223/- | ട്രാൻസാക്ഷൻ നടക്കാത്തതിനാൽ ക്ലോസ്സ് ചെയ്യേണ്ടതാണ് |
| പുതുഗനരം സർവ്വീസ് കോ.ഓ.ബാങ്ക് (കേരളോൽസവം) | 2728 | 23/- | |
| ഇന്ത്യൻ ബാങ്ക് (സോഷ്യൽ സെക്യൂരിറ്റി പെൻഷൻ) | 6247002844 | 283/- | |

## 2-4 കുടിവെള്ള പദ്ധതികൾ നടത്തിപ്പ്- ഗുണഭോക്തൃസമിതിയെ ചുമതലപ്പെടുത്തേണ്ടതാണ്

പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്ന രണ്ട് കുടിവെള്ള പദ്ധതികളുണ്ട് - പടിക്കൽപാടം കുടിവെള്ള പദ്ധതി, ചന്തപ്പേട്ടവട്ടാരം കുടിവെള്ള പദ്ധതി. വാട്ടർ അതോറിറ്റിയുടെ നാല് ബൾക്ക് മീറ്ററുകൾ പ്രകാരമുള്ള വാട്ടർ ചാർജ്ജും അടവാക്കുന്നുണ്ട് . പഞ്ചായത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം ഈ പദ്ധതികളുടെ നടത്തിപ്പിനായി 2016-17 ലെ ആവർത്തന ചെലവുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം, മീറ്റർ റീഡിംഗ് വേതനം | 141950 |
| അറ്റകുറ്റപണികൾ (എഎംസി) | 81468/- |
| ഇലക്ട്രിസിറ്റി ചാർജ് | 295204- |
| 2016-17-ൽ അടവാക്കിയ ബൾക്ക് മീറ്റർ ചാർജ്ജ് | 856224/- |
| ആകെ ചെലവ് | 1374846 |

2016-17 ലെ വെള്ളക്കരം ഇനത്തിലെ വരവുമായി താരതമ്യം ചെയ്യുമ്പോ ൾ ചെലവ് വളരെ കൂടുതലാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷ വരവ് | 537350 |
| കുടിശ്ശിക വരവ് | 347498 |
| ആകെ വരവ് | 884848 |
| ചെലവ് | 1374846 |
| വ്യത്യാസം | 489998 |

വാട്ടർ ചാർജ് വരവിനേക്കാൾ വളരെ കൂടുതലാണ് ചെലവ്. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

വാട്ടർചാർജ് മിതമായ രീതിയിൽ വർദ്ധിപ്പിച്ചും, നിശ്ചിത പരിധിയിലധികം വരുന്ന ഉപയോഗത്തിന് മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ അധികനിരക്ക് കൃത്യമായി പരിച്ചെടുത്തും, വാട്ടർ ചാർജിനത്തിലുള്ള വരവ് വർദ്ധിപ്പിക്കാവുന്നതാണ്.

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് സംരക്ഷണം-സ.ഉ.(സാ) നമ്പർ 1275/2009/തസ്വഭവ/30.5.2009 പ്രകാരം കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ചുമതല ഗുണഭോകതൃ സമിതിയെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇരുചക്രവാഹനം വാങ്ങുന്നതിന് അർഹതാ മാനദണ്ഡങ്ങൾ വിലയിരുത്താതെ ധനസഹായം നൽകി - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. 25/17 (എസ്.സി ഗുണഭോക്താക്കൾക്ക് ഇരുചക്രവാഹനം വാങ്ങുന്നതിന് ധനസഹായം നൽകൽ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

അടങ്കൽ

| | |
|---|---|
| വികസനഫണ്ട് (എസ്.സി.പി) | 405000 |
| ഗുണഭോക്തൃവിഹിതം | 126000 |
| ധനകാര്യവായ്പ | 924000 |
| തനത് ഫണ്ട് | 15000 |
| ആകെ | 14,70,000 |

ചെലവ്

1. വികസന ഫണ്ട് ചെലവ്

| ബിൽ നം. / തിയതി | തുക |
|---|---|
| 2/25-01-17 | 140000 |
| 5/31.03.17 | 40000 |
| 8/16.02.17 | 40000 |
| 11/20.02.17 | 60000 |
| 14/9.03.17 | 40000 |
| 18/16.03.17 | 40000 |
| 19/23.03.17 | 20000 |
| 20/24.3.17 | 25000 |
| ആകെ | 405000 |

2. ഗുണഭോക്തൃ വിഹിതം

| വൗച്ചർ നമ്പർ / തിയതി | തുക |
|---|---|
| | |

| | |
|---|---|
| 3/25-01-17 | 42000 |
| 7/25-01-17 | 12000 |
| 15/25-01-17 | 18000 |
| 19/25-01-17 | 12000 |
| 24/25-01-17 | 12000 |
| 25/25-01-17 | 6000 |
| 29/25-01-17 | 12000 |
| 30/25-01-17 | 12000 |
| ആകെ | 126000 |

3. തനത് ഫണ്ട്

വൗച്ചർ നമ്പർ / തിയതി 2160196/22.3.2017 15000 രൂ ചെക്ക് നമ്പർ / തിയതി 35212/22.3.2017

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് മാനവ വികസനത്തിന് നിദാനമായ സ്ഥായിയായ തൊഴിൽ ലഭ്യമാക്കുക എന്ന ഉത്തമ ലക്ഷ്യത്തോടെയാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ലക്ഷ്യം നിറവേറ്റപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടിരുന്നത്.
പദ്ധതി നിർവ്വഹണ രേഖകൾ പരിശോധിക്കുകയും പദ്ധതിയുടെ ഗുണഭോക്താക്കളെ നേരിൽ കേട്ട് അവരുടെ തൊഴിലിന്റെ വിശദാംശങ്ങൾ അന്വേഷിക്കുകയും ചെയ്തതിൽ നിന്നും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഏതാനും ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി എന്നതല്ലാതെ ഇവർ ഏറ്റവും അർഹരായ ഗുണഭോക്താക്കളാണോ എന്ന് ഉറപ്പു വരുത്തിയിട്ടില്ല. മാത്രമല്ല ആനുകൂല്യം ലഭിച്ച ചില ഗുണഭോക്താക്കളെ അധിക സാമ്പത്തിക ബാധ്യതയിലേക്കു കൂടി തള്ളി വിടുകയും ചെയ്തിട്ടുള്ളതായി വിലയിരുത്തുന്നു.

എ. ഓഡിറ്റ് മാനദണ്ഡങ്ങൾ

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ് )നം. 4/2016/തസ്വഭവ തിയതി 11.01.2016 പ്രകാരം ഇരുചക്ര വാഹനങ്ങൾക്ക് (മോട്ടോർ സൈക്കിൾ/ സ്കൂട്ടർ) ധനസഹായം നൽകുന്നതിനുള്ള പ്രധാന മാനദണ്ഡങ്ങൾ താഴെ പറയുന്നു.

1. ഗുണഭോക്താവ് തൊഴിൽരഹിതരോ ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം.

2. നിലവിൽ ദ്വിചക്ര-നാലുചക്ര വാഹനങ്ങൾ സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.

3. ഒരു കുടുംബത്തിന് ഒരു തവണ മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ.

4. അർഹമായ സബ്സിഡി ഇരുചക്ര വാഹനത്തിന്റെ വിലയുടെ 33 1/3% മാത്രമാണ്. ഇത് പരമാവധി 20,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

ബി. പരിശോധനയുടെ വിശദാംശങ്ങൾ

ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി നൽകിയ അപേക്ഷാ ഫോറത്തിൽ അർഹതയും മുൻഗണനാക്രമവും സംബന്ധിച്ച് മാനദണ്ഡങ്ങൾ ചേർത്ത് തീരുമാനിക്കുന്നതിനാവശ്യമായ എല്ലാ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിട്ടില്ല. ഇരുചക്ര വാഹന ലൈസൻസ് ഉള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുറച്ച് എസ്.സി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ച് ഗ്രാമസഭയുടെ അംഗീകാരം വാങ്ങുക മാത്രമാണ്

ചെയ്തിരിക്കുന്നത്. ക്രമ നം. 1, 2 പ്രകാരമുള്ള സബ്സിഡി മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രമിച്ചിട്ടില്ല. ഗുണഭോക്താക്കൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ സ്വീകരിച്ചതിന്റെ ഒരു രേഖയും ഫയലിൽ ഇല്ല. ധനസഹായം ഇരുചക്രവാഹനം വാങ്ങിയ കടകളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് നൽകിയിരിക്കുന്നത്.

ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ നേരിൽ കേട്ടതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം, വയസ്സ് | വാങ്ങിയ വാഹനം, വില, രജിസ്ട്രേഷൻ വിവര ങ്ങൾ | വായ്പാ ധനസഹായം ലഭ്യമാക്കിയ സ്ഥാപനം | നിലവിൽ ചെയ്തു കൊണ്ടിരിക്കുനന്ന തൊഴിൽ | പദ്ധതി പ്രകാരം ലഭ്യമായ ധനസഹായം | അർഹ മായ ധന സഹായം |
|---|---|---|---|---|---|---|
| 1 | ശ്രീ.ബാബു.പി, നടുവത്തുകൊളമ്പ്, കരിപ്പോട്. 41 | ടി.വി. എസ്, 40830 രൂപ, K L 70 B 9949 | മുത്തൂറ്റ് ഫിൻ കോർപ്പ് | പച്ചക്കറി ക്കച്ചവടം | 20000 | 13609 |
| ധനസഹായം ഉപയോഗിച്ച് വാങ്ങിയ വാഹനം ജീവിതോപാധിയായി ഉപയോഗിക്കുന്നു. | | | | | | |
| 2 | ശ്രീ. ശശീന്ദ്രൻ, വാരിയത്തു കളം, കരിപ്പോട്, 31 | പാഷൻ പ്രോ, 63917 രൂ K L 70 C 452 | ഹീറോ ഫിൻ കോർപ്പ്, | പപ്പടം, വറ്റൽ കച്ചവടം | 20000 | 20000 |
| | പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. ധനസഹായം ഉപയോഗിച്ച് വാങ്ങിയ വാഹനം ജീവിതോപാധിയായി ഉപയോഗിക്കുന്നു. | | | | | |
| 3 | ശ്രീമതി. സുമതി നന്ദകുമാർ, ആന്തുർക്കളം, കരിപ്പോട്, 38 | ആക്റ്റീവാ-4 ജി, 69119രൂ. KL 70 C 159 | മുത്തൂറ്റ് കാപിറ്റൽ സർവ്വീസ്,കൊച്ചി | തയ്യൽ ജോലി ചെയ്യുന്നു. * | 20000 | 20000 |
| | * തയ് ച്ച തുണികൾ ഭർത്താവ് വാഹനത്തിൽ കടകളിൽ കൊണ്ടു പോയി കൊടുക്കുന്നു. ഗുണഭോക്താവിന്റെ ഭർത്താവാണ് വാഹനം ഉപയോഗിക്കുന്നത്. | | | | | |
| 4 | ആറുച്ചാമി.കെ, ചെട്ടിയത്ത് കുളമ്പ്, കരിപ്പോട് 46 | ടി.വി. എസ് 40380, KL 70 B 9348 | ലോൺ ഇല്ല. | പാൽ കച്ചവടം | 20000 | 13458 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നു. | | | | | |
| 5 | മുരുകൻ.എ, അയ്യപ്പൻ, ചട്ടിക്കാൻ പാടം, കരിപ്പോട് 33 | ഹീറോ ഗ്ലാമർ, വാഹനത്തിന്റെ ബിൽ ഫയലിൽ ലഭ്യമല്ല. K L 70 C 2656 | മുത്തൂറ്റ് ഫിൻ കോർപ്പ് | കെട്ടിടനിർമ്മാണ ത്തൊഴിലാളി | 20000 | --- |
| | ഗുണഭോക്താവിനു വേണ്ടി ഹാജരായത് സുഹൃത്താണ്. നിലവിൽ കൺസ്ട്രക്ഷൻ ഫീൽഡിൽ പോയി വരുന്നതിനായി വാഹനം ഉപയോഗിക്കുന്നു. | | | | | |
| 6 | അഖിലീഷ്.സി, അടിച്ചിറ, പട്ടിക്കാംപാടം, കരിപ്പോട്. | ജിക്സർ. എസ്. എഫ്, 103088 രൂപ, KL 70 C 951 | എച്ച്.ഡി.എഫ്. സി ബാങ്ക്, ചന്ദ്രനഗർ | മെഡിക്കൽ റപ്രസന്റേറ്റീവ് | 20000 | 20000 |

| | | | | | | |
|---|---|---|---|---|---|---|
| | വാഹനവുമായി ഹാജരായത് സഹോദരനാണ്. | | | | | |
| 7 | കെ. പ്രകാശൻ, ആഞ്ഞൂർക്കളം, കരിപ്പോട്,പുതുനഗരം, 27 | ടി. വി. എസ്. വേഗോ, 64880 K L 70B 9728 | ലോൺ ഇല്ല. | നിലക്കടല ക്കച്ചവടം സീസ ണിൽ ചെയ്യുന്നു. * | 20000 | 20000 |
| | *മറ്റ് സമയങ്ങളിൽ വേറെ പണികൾ ചെയ്യുന്നു. വാഹനം ഉപയോഗിച്ച് ജോലി ചെയ്യുന്നു. | | | | | |
| 8 | സന്ദീപ്.എൻ, പടിക്കൽ പാടം, പുതുനഗരം, 24 | സി.ബി.യൂണികോൺ, 83567, KL 70 C 1066 | ലോൺ ഇല്ല. | കോൺട്രാക്റ്റ് വർക്ക് * | 20000 | 20000 |
| | സൂപ്പർവൈസർ ആയി മണ്ണാർക്കാട്ടുള്ള ജോലി സ്ഥലത്ത് പോയി വരുന്നതിന് ഉപയോഗിക്കുന്നു. വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 9 | കുമാരൻ.ജി, ആഞ്ഞൂർക്കളം കരിപ്പോട്, 43, | ആക്സസ്-125, 70321, K L 70C 116 | മുത്തൂറ്റ് ഫിൻ കോർപ്പ് | കെട്ടിട നിർമ്മാണ ത്തൊഴിലാളി | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 10 | അഭിലാഷ്.കെ, ചട്ടിക്കാം പാടം, അടിച്ചിറ | 65884, K L 70 B 9906 | മുത്തൂറ്റ് ഫിൻ കോർപ്പ് | പി.എസ്. സി കോച്ചിം ഗിന് പോകുന്നു. | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 11 | സുധീഷ്.വി, പടിക്കൽപാടം, 31 | പാഷൻ പ്രോ, 63917, KL 70 C 374 | മുത്തൂറ്റ് ഫിൻ കോർപ്പ് | കൺസ്ട്രക്ഷൻ വർക്ക് | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 12 | ബിനു.സി, ആഞ്ഞൂർക്കളം, കരിപ്പോട്, 28 , | ഹീറോ, 56705, രജിസ്ട്രേഷൻ നടപടികൾ പൂർത്തി യായിട്ടില്ല. | ബി.ആർ.ഡി.സെക്യൂരിറ്റീസ് ലിമിറ്റഡ്* | കുത്തന്നൂരിൽ കമ്പി വേലിപ്പണി | 20000 | 18890 |
| | *7 മാസങ്ങളായി തുക അടയ്ക്കുന്നു. എന്നാൽ വണ്ടി ഏതാനും ദിവസങ്ങൾ മുമ്പാണ് ലഭിച്ചതെന്നും രജിസ്റ്റർ ചെയ്തു ലഭിച്ചിട്ടില്ല എന്നും അറിയിച്ചു. വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 13 | കൃഷ്ണകുമാർ.ജി, ആഞ്ഞൂർക്കളം, കരിപ്പോട് 41 | പാഷൻ പ്രോ, 63917 K L 70C 1089 | ബി.ആർ.ഡി സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് | കെട്ടിട നിർമ്മാണ ത്തൊഴിലാളി | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 14 | നാരായണൻ.ആർ, 39, പാട്ടച്ചിറ, പുതുനഗരം | മാസ്ട്രോ എഡ്ജ്, K L 70B 9743 | ബി.ആർ.ഡി സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ് | ലോട്ടറിക്കച്ചവടം | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 15 | സുമേഷ്.ആർ, വിക്കാപ്പ്, കരിപ്പോട്. 25 | പൾസർ-150, 93287, KL 70 B 9936 | ബജാജ് ഫിൻ | ഇലക്ട്രിക്കൽ വർക്ക് | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 16 | ഷൈജു.ജി, 22<br>s/o ഗോവിന്ദൻ, 10/384,<br>പടിക്കൽപാടം,<br>പുതുനഗരം | യൂണികോൺ-150,<br>88557,<br>KL70B<br>9863 | മുത്തൂറ്റ് കാപിറ്റൽ സർവ്വീസ്,കൊച്ചി | ടൈൽ വർക്കുകൾ ചെയ്യുന്നു. | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 17 | ഷിജു.ജി, 21<br>s/o ഗോവിന്ദൻ, 10/384,<br>പടിക്കൽപാടം,<br>പുതുനഗരം | പാഷൻ പ്രോ,<br>63917,<br>K L 70 C 318 | മുത്തൂറ്റ് കാപിറ്റൽ സർവ്വീസ്,<br>കൊച്ചി | കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. | 20000 | 20000 |
| | വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ല. | | | | | |
| 18 | രാഹുൽ.കെ,നെച്ചിയോട് വീട്,<br>കോഴിക്കാട് | ഡി.ഐ.ഒ, 67284,<br>KL 70 B 9868 | എച്ച്.ഡി.എഫ്.സി ബാങ്ക്,<br>ചന്ദ്രനഗർ | സിനിമ സംവിധായകനായി ജോലി ചെയ്യുന്നു.<br>* | 20000 | 20000 |
| | *പുതിയ ഡോക്യുമെന്ററി Psychino ഉടൻ തന്നെ റിലീസ് ചെയ്യുന്നതാണെന്ന് അറിയിച്ചു.<br>വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നില്ലെന്ന് മാത്രമല്ല വ്യത്യസ്തമായ മേഖലയിൽ ജോലി ചെയ്യുന്നതിനാൽ വാഹനം ഉപയോഗിക്കുന്നില്ല. | | | | | |
| 19 | പ്രകാശൻ.കെ, s/o കൃഷ്ണൻ<br>ആന്തൂർക്കളം,<br>കരിപ്പോട്, 27 | പൾസർ-180,<br>92944,<br>K L 70 C 179 | മുത്തൂറ്റ് ഫിൻ കോർപ്പ് | കെട്ടിട നിർമ്മാണ ത്തൊഴിലാളി | 20000 | 20000 |
| | | | | | | |
| 20 | മഹേഷ്.എൻ, ചെട്ടിയത്ത് കുളമ്പ്, കരിപ്പോട് | സ്പ്ലെൻഡർ പ്രോ, 59728,<br>KL 70 B 9742 | ലോൺ ഇല്ല. | ട്രാക്ടർ ഡ്രൈവർ ആണ്<br>* | 20000 | 20000 |
| | *ജോലിയില്ലാത്ത സമയത്ത് ലോട്ടറിക്കച്ചവടത്തിന് ഉപയോഗിക്കുന്നു.<br>ഭാഗികമായി മാത്രം വാഹനം തൊഴിൽ ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. | | | | | |
| 21 | മുരളീദാസ്.കെ, അടിച്ചിറ, കരിപ്പോട്, 41 | ടി.വി.എസ് വേഗോ,<br>64820,<br>KL 70C 260 | മുത്തൂറ്റ് ഫിൻ കോർപ്പ് | ഹാജരായില്ല. | 20000 | 20000 |
| | ഗുണഭോക്താവ് ഓഡിറ്റ് മുമ്പാകെ ഹാജരായില്ല. | | | | | |

<u>ഗുണഭോക്താക്കളെ നേരിൽ കേട്ടതിന്റെ വിശദാംശങ്ങൾ</u>

ഓഡിറ്റ് വേളയിൽ 20 ഗുണഭോക്താക്കളെ നേരിൽ കേട്ടതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) മേൽ പട്ടികയിലെ ക്രമ നം. 1, 2, 3, 4, 6, 7 എന്നിവയിലെ ഗുണഭോക്താക്കൾ മാത്രമാണ് യഥാർത്ഥത്തിൽ വാഹനം ഉപയോഗിച്ച് തൊഴിൽ ചെയ്യുന്നത്. ബാക്കിയുള്ള 15 ഗുണഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ടെങ്കിലും പദ്ധതിയിൽ ലക്ഷ്യമിട്ട പ്രകാരം വാഹനം ഉപയോഗപ്പെടുത്തി തൊഴിൽ ചെയ്യുന്നവരല്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

2) സബ്സിഡി മാർഗ്ഗരേഖ പ്രകാരം വിലയുടെ 33.33 % മാത്രമാണ് സബ്സിഡി ആയി നൽകാവൂ. ക്രമ നം. 1, 4, 12 എന്നിവയിലെ ഗുണഭോക്താക്കൾക്ക് ആയതു പ്രകാരം യഥാക്രമം 13609, 13458, 18890 രൂപ മാത്രമേ നൽകാവൂ. എന്നാൽ 20000 രൂപ വീതം ആനുകൂല്യം നൽകിയത് നിർവ്വഹണോദ്യോഗസ്ഥന്റെ

വീഴ്ചയായി വിലയിരുത്തുന്നു. രണ്ട് ഗുണഭോക്താക്കൾക്കുമായി അധികം നൽകിയ ആകെ 14043 രൂപ (6391+6542+1110) ഓഡിറ്റിൽ നിരാകരിക്കുന്നു.

3) ക്രമ നം. 16, 17 എന്നിവയിലെ ഗുണഭോക്താക്കൾ ഒരേ കുടുംബത്തിൽപ്പെട്ട സഹോദരങ്ങളാണ്. ശ്രീ.ഷൈജുവിന്റെ അപേക്ഷയിൽ ഷിജു വിദ്യാർത്ഥിയെന്നും ശ്രീ.ഷിജുവിന്റെ അപേക്ഷയിൽ ഷൈജു വിദ്യാർത്ഥിയെന്നുമാണ് ചേർത്തിരിക്കുന്നത്. ഒരു കുടുംബത്തിന് ഒരു തവണ മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ഒരു കുടുംബത്തിലെ സഹോദരങ്ങളായ രണ്ട് പേർക്ക് ആനുകൂല്യം നൽകിയത് അനുവദിക്കാവുന്നതല്ല. ഇവരിൽ ഒരാളുടെ ധനസഹായം 20000 ഓഡിറ്റിൽ നിരാകരിക്കുന്നു.

4) യഥാർത്ഥത്തിൽ തൊഴിൽ ചെയ്യുന്നതിനായി വാഹനം ഉപയോഗപ്പെടുത്താത്ത 15 പേരുടേയും അർഹത പരിശോധിക്കാതെ ആനുകൂല്യം നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പട്ടികജാതി വികസനം എന്ന കർമ്മ സമിതിയുടെ കൺവീനർ അസി. സെക്രട്ടറിയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ അല്ലാത്ത ഒരംഗം ചെയർപേഴ്സനുമാണ്. പദ്ധതിയുടെ മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കാതിരുന്നതിനാൽ ഫലപ്രാപ്തി വിലയിരുത്തുന്നതിൽ വീഴ്ചയുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ആയതിൽ തുക നിരാകരിക്കപ്പെട്ട 1110 രൂപ അധികം സബ്സിഡി നൽകിയ ഒരാൾ ഒഴികെയുള്ള മറ്റ് 14 പേർക്കും ആനുകൂല്യമായി നൽകിയ തുക ആകെ 278890 രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 4/ 18-8-2017 ന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുവാനുണ്ടായ സാഹചര്യം അന്വേഷണവിധേയമാക്കേണ്ടതും വ്യക്തമായ നഷ്ടം കണ്ടെത്തിയാൽ തിരികെ ഈടാക്കേണ്ടതുമാണ്. അന്വേഷണത്തിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. അധിക സബ്സിഡിയായി നൽകിയ 14043 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3. ആനുകൂല്യം ലഭ്യമായ ഒരേ കുടുംബത്തിലെ രണ്ട് പേരിൽ ഒരാൾക്ക് നൽകിയ നിരാകരിക്കപ്പെട്ട തുക 20000 രൂപ തിരികെ ഈടാക്കേണ്ടതാണ്.

തടസ്സവാദം ഒഴിവാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-2 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നം 73/17 -ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, ഹോമിയോ

അടങ്കൽ -60000(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -60000 (ബിൽ നം 1/16-17 25.2.17 )

മേൽ പ്രോജക്ടിനായി കേരള സംസ്ഥാന ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസിയുടെ പ്രൊഫോർമാ ഇൻവോയ്സ് നം 162/15.10.16 പ്രകാരം മരുന്നുകളുടെ വിലയായി 60000 രൂപ 25.02.17 ന് നൽകിയിട്ടുണ്ട് . എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻ ഹോംകോയുമായി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മരുന്നുവിതരണം ചെയ്യേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി കരാറിൽ

ഏർപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/17.8.2017 ന് നൽകിയ മറുപടിയിൽ രോഗികൾക്ക് വിതരണം ചെയ്യാനാവശ്യമായ മരുന്നുകൾ തത്കാലം സ്റ്റോക്കിലുള്ളതായും മരുന്നുകൾ എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്ന് ഹോംകോയെ അറിയിച്ചിട്ടുള്ളതായും മെഡിക്കൽ ഓഫീസർ അറിയിച്ചു.

# 3-3 കുറഞ്ഞ ക്വട്ടേഷൻ അംഗീകരിക്കാത്തതുകാരണം നഷ്ടം

പദ്ധതി : കൃഷിഭവന് ഫർണിച്ചർ വാങ്ങൽ (149/17)

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ചെലവ് : 14980/-ട്രഷറി ബിൽ നം.40/30.3.2017

കൃഷിഭവന് ഫർണിച്ചർ വാങ്ങൽ പദ്ധതി (149/17) പ്രാകരം ചെയർ വാങ്ങുന്നതിന് ക്വട്ടേഷൻ സമർപ്പിച്ച നാല് സ്ഥാപനങ്ങളിൽ സംഗമം ഫർണിച്ചർ പാലസ് ആണ് Nilkamal Armless Chair (മോഡൽ നമ്പർ-4002) ന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരിക്കുന്നത് 248+VAT-14.5%,ഒരെണ്ണത്തിന് 283.96 rounded to 284/-രൂപ.

പഞ്ചായത്തിന്റെ ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ സംഗമം ഫർണിച്ചർ പാലസ് എന്ന സ്ഥാപനം Nilkamal Armless Chair (മോഡൽ നമ്പർ 4002) ന് ക്വാട്ട് ചെയ്ത നിരക്ക് 448+വാറ്റ് എന്ന് തെറ്റായി രേഖപ്പെടുത്തുകയും അവരുടെ ക്വട്ടേഷൻ നിരസിക്കുകയും , പകരം ഇതേ സ്പെസിഫിക്കേഷനുള്ള ചെയറിന് EFFAR TRADING എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 430/- രൂപ നിരക്ക് അംഗീകരിക്കുകയും ചെയ്തു. (പഞ്ചായത്ത് കമ്മിറ്റിയുടെ 10.03.2017 തിയ്യതിയിലെ അടിയന്തിര മീറ്റിംഗിലെ 4(4) തീരുമാനം). പർച്ചേസ് കമ്മിറ്റി മിനുട്സ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

ചെയർ (മോഡൽ നമ്പർ 4002) 35 എണ്ണം വാങ്ങിയിരിക്കുന്നത് EFFAR TRADING എന്ന സ്ഥാപനത്തിൽ നിന്ന് 428/- രൂപ നിരക്കിലാണ് (ഇൻവോയ്സ് നം.1543/30.3.2017). ഒരേ സ്പെസിഫിക്കേഷനുള്ള ചെയർ കുറഞ്ഞ നിരക്ക് (284.00) ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതു കാരണം ഒരെണ്ണത്തിന് 144 രൂപ (428-284) പ്രകാരം ആകെ 35 ചെയറിനായി 5040/-രൂപ (35x144) അധികം ചെലവുണ്ട്. 5040/- രൂപയുടെ അധികചെലവ് അംഗീകരിക്കുന്നില്ല. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 7/18.8.2017) പഞ്ചായത്തിന്റെ മറുപടി ലഭ്യമായിട്ടില്ല.

# 3-4 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ നടപടിക്രമങ്ങളിൽ സംഭവിച്ചിട്ടുള്ള അപാകതകൾ

പ്രോജക്ട് നം – 124/17 (പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ )

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് – 368130/- രൂപ.

പ്ലാൻ ഫണ്ട്-170000/-വൗച്ചർ-21001240/30.3.17

മെയിന്റനൻസ് ഫണ്ട് നോൺ റോഡ് - 198130/-വൗച്ചർ-21001239/30.3.17

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിൽ നടപടിക്രമങ്ങളിൽ സംഭവിച്ചിട്ടുള്ള അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്ത് 7 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ ടെണ്ടർ നടപടിയിലൂടെ ഐ.ടി.വിഷൻ കൊല്ലങ്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 5 വർഷത്തെ വാറണ്ടിയാണ് പഞ്ചായത്ത് ടെണ്ടറിൽ ആവശ്യപ്പെട്ടിരുന്നത്. കംപ്യൂട്ടർ വിതരണം ചെയ്ത സ്ഥാപനം 5വർഷത്തെ വാറണ്ടി നൽകാം എന്ന് ടെണ്ടറിലും, ബില്ലിലും കാണിച്ചിട്ടുമുണ്ട്. എന്നാൽ 3 വർഷത്തെ വാറണ്ടി മാത്രമെ അപ്ഡേറ്റ് ചെയ്തിട്ടുള്ളുവെന്നും 2 വർഷത്തെ AMC എന്ന് പ്രത്യേകം പറയുന്നതിനാൽ അവസാനത്തെ നാലും അഞ്ചും വർഷങ്ങളിൽ കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്യുന്നതിന് പഞ്ചായത്ത് വില നൽകേണ്ടതായി വരും എന്ന് കമ്പ്യൂട്ടറുകൾ പരിശോധിച്ച ഐ.കെ.എം ജില്ലാ ടെക്നിക്കൽ ഓഫീസറുടെ റിപ്പോർട്ടിൽ പറയുന്നു . ഇത് പഞ്ചായത്തിന് നഷ്ടം വരുത്തുന്നതാണ്.

2. ഈ പദ്ധതിപ്രകാരം 7 LASER PRINTERS(CANON LBP 2900B ) ഒരെണ്ണത്തിന് 8800/- നിരക്കിൽ ഐ.ടി.വിഷൻ കൊല്ലങ്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ചതിൽ ഇതേ സ്പെസിഫിക്കേഷനുള്ള പ്രിന്ററിന് ആപ്പിൾ കമ്പ്യൂട്ടേർസ് ,കൊടുവായൂർ എന്ന സ്ഥാപനം 8299/- രൂപ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ 10/03/2017 തിയതിയിലെ 4(6) -ാം നമ്പർ തീരുമാനത്തിൽ ആപ്പിൾ കമ്പ്യൂട്ടേർസ് ,കൊടുവായൂർ എന്ന സ്ഥാപനം നിശ്ചിത ടെണ്ടർ ഫോറത്തിൽ ടെണ്ടർ സമർപ്പിച്ചിട്ടില്ലെന്നും മാത്രമല്ല വാറണ്ടി സംബന്ധിച്ച വിവരങ്ങളും രേഖപ്പെടുത്തി കാണുന്നില്ല എന്ന കാരണത്താൽ നിരസിച്ചിരിക്കുന്നു. സ.ഉ(പി) നമ്പർ 259/2010 തസ്വഭവ തീയതി 8.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ, 2013 ലെ സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 7(33) എന്നിവ പ്രകാരം സാധനങ്ങളെ വർഗ്ഗീകരിച്ച് ടെണ്ടർ ക്ഷണിക്കണമെന്നും ഓരോയിനത്തിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കണമെന്നും നിഷ്കർഷിക്കുന്നു.

ആപ്പിൾ കമ്പ്യൂട്ടേർസ് ,കൊടുവായൂർ എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടർ പരിശോധിച്ചതിൽ ടെണ്ടർ ഷെഡ്യൂളിൽ Cost of 1 Nos എന്ന ഭാഗത്ത് As per list attached എന്ന് രേഖപ്പെടുത്തുകയും ആയതു പ്രകാരം സ്ഥാപനത്തിന്റെ ലെറ്റർ പേഡിൽ വിശദവിവരങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സമർപ്പിച്ച ലിസ്റ്റിൽ particulars എന്ന ഭാഗത്ത് As per given specification എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. ടെണ്ടർ ഷെഡ്യൂളിൽ description of item എന്ന ഭാഗത്താണ് വാറണ്ടി പറഞ്ഞിരിക്കുന്നത്. ആയതിനാൽ ടെണ്ടർ ഷെഡ്യൂളിലെ സ്പെസിഫിക്കേഷൻ അംഗീകരിച്ചുകൊണ്ടുള്ള വില തന്നെയാണ് സ്ഥാപനം രേഖപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ആപ്പിൾ കമ്പ്യൂട്ടേർസ് കൊടുവായൂർ എന്ന സ്ഥാപനത്തിൽ നിന്ന് 8299/- രൂപ നിരക്കിൽ പ്രിന്റർ ലഭ്യമാക്കാമായിരുന്നു. ഇതു പ്രകാരം ഒരെണ്ണത്തിന് (8800-8299) 501/-രൂപ വ്യത്യാസം (കുറവ്) ഉണ്ട്. ആയതിനാൽ അധികം നൽകിയ( 7x501) 3507/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (7/18.8.2017) മറുപടി ലഭ്യമായിട്ടില്ല.

3. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമില്ലാതെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുമ്പോൾ അവയുടെ നിശ്ചിത കാലയളവിലേക്കുള്ള വാറണ്ടി കൃത്യമായും ഉറപ്പുവരുത്തേണ്ടതാണ്.

2. ടെണ്ടർ നടപടിക്രമങ്ങൾ കൃത്യമായും, പൂർണ്ണമായും പാലിച്ചുകൊണ്ട് കുറഞ്ഞ നിരക്കിൽ ഗുണനിലവാരം കൂടിയ സാധനസാമഗ്രികൾ ലഭ്യമാക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

# 3-5 സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായുള്ള 145450/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതി : വനിത ഡി.ടി.പി.സെന്റർ -കമ്പ്യൂട്ടർ,പ്രിന്റർ,ഫോട്ടോസ്റ്റാറ്റ് മെഷീൻ മുതലായവ വാങ്ങൽ(158/17)

നിർവ്വഹണം : സെക്രട്ടറി
അടങ്കൽ-2,25,000.00

ചെലവ് : 145450/-(പ്ലാൻ ജനറൽ)

ട്രഷറി ബിൽ : 45/31.3.2017

വനിതകൾക്ക് സ്വയം തൊഴിലിന് സഹായമായി ഡി.ടി.പി.സെന്റർ തുടങ്ങുന്നതിനായി കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്കാനർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി കുടുംബശ്രീയൂണിറ്റിന് നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്.

THEMES Cpmputer sales & Services,Chittur എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം142/30.3.2017 പ്രകാരം താഴെ പറയുന്നവ വാങ്ങിയിട്ടുണ്ട്.

| SlNo. | Item | Oty. | Total Amount |
|---|---|---|---|
| 1. | ACER 13/4 GB/500GB | 1 | 46000/- |
| 2. | PRINTER BROTHER | 1 | 11000/- |
| 3. | CANON SCAN LIDE 120 | 1 | 4950/- |
| 4. | CANON IR 2004 N (PHOTOSTAT MACHINE) | 1 | 67000/- |
| 5. | DUPLEX | 1 | 16500 |
| TOTAL | | | 145450./- |

ജി.ഒ(എം.എസ്)4/2016 തസ്വഭവ11.1.2016 പ്രകാരം സ്വയംതൊഴിലിന് ആസ്തികൾക്കായി (ഗ്രൂപ്പ് സംരംഭങ്ങൾ) കുറഞ്ഞത് 10 പേർ ഉൾപ്പെടുന്ന ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 20000/- രൂപ എന്ന നിരക്കിൽ 200000/- രൂപയാണ് സബ്സിഡി നൽകാവുന്നത്. യൂണിറ്റ് കോസ്റ്റിന്റെ 50% ആണ് സബ്സിഡിയായി അനുവദിക്കാവുന്നത്. കൂടാതെ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിക്കുന്നവരോ ലഭിച്ചവരോ ഗ്രൂപ്പിൽ

അംഗങ്ങളായിരിക്കരുത്. ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പായിരിക്കണം എന്നും വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം തിരഞ്ഞെടുക്കുന്ന കുടുംബശ്രീയൂണിറ്റിന് തൊഴിൽ സംരംഭം തുടങ്ങുന്നതിന് 50% സബ്സിഡിയാണ് അനുവദിക്കാവുന്നത്. എന്നാൽ മുഴുവൻ തുകയും (100%)പ്ലാൻഫണ്ടിൽ നിന്ന് ചെലവു ചെയ്തിട്ടുണ്ട്.

കൂടാതെ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് എ.ഡി.എസ് നിശ്ചിത യോഗ്യതയുള്ള ഗ്രൂപ്പിനെ തെരഞ്ഞെടുത്തിട്ടുമില്ല. ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പിനെ തെരഞ്ഞെടുത്ത് അംഗീകരിച്ച് ബാങ്ക് വായ്പാബന്ധിത പ്രോജക്ട് ആയി നടപ്പിലാക്കാതെ പദ്ധതി ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തിട്ടുള്ളത്.

നാളിതുവരെ വനിത ഡി.ടി.പി.സെന്റർ പ്രവർത്തനം തുടങ്ങിയിട്ടില്ല, വാങ്ങിയ കമ്പ്യൂട്ടർ, പ്രിന്റർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്കാനർ അനുബന്ധ ഉപകരണങ്ങൾ എന്നിവ പ്രവർത്തിപ്പിക്കാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ്. വനിത ഡി.ടി.പി.സെന്റർ തുടങ്ങുന്നതിന് ഗ്രൂപ്പിനെ തിരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള പ്രാഥമിക നടപടികളൊന്നും സ്വീകരിക്കാതെ ഉപകരണങ്ങൾ മാത്രം വാങ്ങിയതിനാൽ ചെലവഴിച്ച തുക പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. നിയമാനുസൃത വ്യവസ്ഥകളും സബ്സിഡി മാനദണ്ഡങ്ങളും പാലിച്ച് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതുവരെ 145450/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 7/18.8.2017) പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമായിട്ടില്ല.

# 3-6 ബില്ലിൽ നിന്ന് കുറവു ചെയ്ത നികുതികൾ അടവാക്കിയിട്ടില്ല.

2015-16 വർഷത്തെ എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് 12 മീറ്റർ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച പ്രവർത്തിയുടെ ഫസ്റ്റ്&ഫൈനൽ ബിൽ തുകയായ 495000/- രൂപയിൽ നിന്ന് നികുതികൾ കുറച്ച് ബാക്കി ബിൽ തുകയായ 460350/- രൂപ വൗച്ചർനം.21600719/7.12.2016( ഡി.ഡി.നം 393164/7.12.2016 )പ്രകാരം Kerala State Industrial Enterprises LTD. എന്നസ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ബില്ലിൽ നിന്ന് കുറവ് ചെയ്ത IT-9900/- , KCWWF-4950/- എന്നീ തുകകൾ അടച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 7/18.8.2017 നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-7 വർക്ക് ബില്ലുകളിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവർത്തികളുടെ ബില്ലിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഒരു ശതമാനം ആദായനികുതി ഈടാക്കിയിട്ടില്ല.

| പദ്ധതി | ട്രഷറി ബിൽ നം. | ബിൽ തുക | കോൺട്രാക്ടർ |
|---|---|---|---|
| മത്സ്യമാർക്കറ്റിന് | 38/38.8.2017 | 39330/- | ശ്രീ |

| | | | |
|---|---|---|---|
| എൽ.ഇ.ഡി.സ്ഥാപിക്കൽ(121/17) | | | വിജയകുമാർ.പി. |
| എസ്.സി.കോളനികളിൽ എൽ.ഇ.ഡി.സ്ഥാപിക്കൽ(123/17) | 39/30.3.2017 | 381990/- | |
| പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ എൽ.ഇ.ഡി.സ്ഥാപിക്കൽ(122/17) | 42/30.3.2017 | 95000/- | |
| | 41/30.3.2017 | 403200/- | |
| ആകെ തുക | | 919520/- | |

ആകെ ബിൽ തുകയായ 919520/- രൂപയിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ഒരു ശതമാനം ആദായനികുതി 9195/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

# 3-8 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ആകെ 17 അങ്കണവാടികൾ ഉണ്ട്. 8 എണ്ണത്തിന് മാത്രമാണ് നിലവിൽ സ്വന്തമായി കെട്ടിടമുള്ളത്. അങ്കണവാടികളുടെ പൊതു വിവരങ്ങൾ താഴെ ചേർക്കുന്നു.

| അടിസ്ഥാനവിവരങ്ങൾ | എണ്ണം |
|---|---|
| അങ്കണവാടികളുടെ എണ്ണം | 17 |
| സ്വന്തമായി കെട്ടിടം ഉള്ളവ | 8 |
| വാടക കെട്ടിടത്തിലുള്ളവ | 9 |
| ടോയ്‌ലെറ്റ് ഉള്ളവ | 17 |
| ബേബിഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഉള്ളവ | 8 |
| വൈദ്യുതി ഉള്ളവ | 10 |
| കുടിവെള്ളം ലഭ്യമായവ | 10 |
| ചുറ്റുമതിൽ ഉള്ളവ | 4 |

അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, വൈദ്യുതി, കുടിവെള്ളം,ചുറ്റുമതിൽ എന്നിവ എല്ലാ അങ്കണവാടികളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി. ഒ. (പി) 13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ

അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PACയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ കരാറുകാരെ ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്. ആയതിനാൽ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ 13668/-രൂപ ഈടാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/21.8.17) വിശദീകരണം ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് പിഎസി | ടെണ്ടർ തീയതി/ അംഗീകരിച്ചത് | സെലക്ഷൻ നോട്ടീസ് അയച്ചത് | എഗ്രിമെന്റ് വെച്ചത് / കരാറുകാരൻ | പിഴ ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1. | കാട്ടുതെരുവ് മിനി കുടിവെള്ള പദ്ധതി ക്ക് പമ്പ് ഹൗസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും, 83/16, 141962/- | 19.8.15 22.8.15 | രേഖപ്പെടുത്തലുകളില്ല | 19.9.15 സമീന.H | 1420 |
| 2. | ആന്നൂർക്കളം മിനി കുടിവെള്ള പദ്ധതി 85/16, 251944/- | 19.8.15 22.8.15 | രേഖപ്പെടുത്തലുകളില്ല | 19.9.15 സമീന.H | 2519 |
| 3. | കാട്ടുതെരുവ് പെരുന്തേനി തെരുവ് റോഡ് പുനരുദ്ധാരണം ,82/16,421961/- | 19.8.15 22.8.15 | രേഖപ്പെടുത്തലുകളില്ല | 19.9.15 സമീന.H | 4220 |
| 4 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം, 90/16, 226622/- | 19.8.15 22.8.15 | രേഖപ്പെടുത്തലുകളില്ല | 19.9.15 സമീന.H | 2266 |
| 5 | പള്ളിത്തെരുവ് അംഗൻവാടിക്ക് ടോയ്‌ലെറ്റ് നിർമ്മാണം , 127/16, 100000 | 19.8.15 22.8.15 | രേഖപ്പെടുത്തലുകളില്ല | 19.9.15 സമീന.H | 1000 |
| 6 | ഉണ്ണൻ ചാത്തൻ തെരുവ് അംഗൻ വാടിക്ക് | 19.8.15 22.8.15 | രേഖപ്പെടുത്തലുകളില്ല | 19.9.15 സമീന.H. | 1000(മിനിമം) |

| | | | | | |
|---|---|---|---|---|---|
| | ടോയ്ലെറ്റ് നിർമ്മാണം ,128/16,98851/- | | | | |
| 7 | പടിക്കൽപ്പാടം (കൊങ്ങിണി) SC കോളനി റോഡ് പുനരുദ്ധാരണം, 39/15, 124230/- | 11.12.14<br>17.12.14 | രേഖപ്പെടുത്തലുകളില്ല | 16.1.15<br>P.K.<br>സുരേഷ്കുമാർ | 1243 |
| | ആകെ | | | | 13668 |

# 3-10 ഇ-ടെണ്ടർ നടത്തിയതിൽ പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുള്ളതായി ടെണ്ടർ ഫയൽ പ്രകാരം കാണുന്നു.ടെണ്ടർ രജിസ്റ്ററിൽ ഇവയുടെ പൂർണ്ണ വിവരങ്ങൾ ഇല്ല. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻ വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം (ടെണ്ടർ ഫയൽ പ്രകാരം)ചുവടെ ചേർക്കുന്നു.

| ക്രമനം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ തീയതി | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെതുക ആകെ ടെണ്ടർഫീസ് @2630/- (VAT ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | പുതുനഗരം ഗ്രാമപഞ്ചായത്ത് ഫ്രണ്ടോഫീസ് ഹാൾ | 1400000 | 10.1.17 | 2 | 5260 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ (നം. 09/21-8-2017) ത്തിന് ലഭിച്ച മറുപടിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽനിന്നും ടെണ്ടർ ഫീസിനത്തിലുള്ള തുക ലഭ്യമാക്കുന്നതിലുള്ള

നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 സ്പിൽ ഓവർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ ആവശ്യപ്പെടുന്നു.

ഓഡിറ്റ് വർഷം ആകെ 84 പ്രവൃത്തികൾക്ക് തുക വകയിരുത്തിയതിൽ 23 എണ്ണം 2014-15, 2015-16 വർഷങ്ങളിൽ ആരംഭിച്ച് 2016-17 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നവയാണ്. 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഒരു സ്പിൽഓവർ പ്രൊജക്റ്റ് അത് സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. 23 സ്പിൽഓവർ പ്രവൃത്തികളിൽ താഴെ പറയുന്ന 8 പ്രവൃത്തികൾ 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|---|
| 1 | കരിപ്പോട് തറ,വിശ്വകർമ്മ നഗർ,പടിക്കൽപ്പാടം റോഡുകൾ പുനരുദ്ധാരണം-80/17 | 155363 |
| 2 | ഇല്ലത്തുകുളമ്പ് റോഡ് പുനരുദ്ധാരണം-89/17 | 27000 |
| 3. | തോട്ടുമേട് SCകോളനി മിനി കുടിവെള്ളപദ്ധതി-90/17 | 83275 |
| 4. | ഷോപ്പിംഗ് കോംപ്ലക്സിൽ ടോയ്ലറ്റ് നിർമ്മാണം-91/17 | 112500 |
| 5. | കാട്ടുതെരുവ് സ്കൂൾപുനരുദ്ധാരണം -95/17 | 274076 |
| 6. | വിവിധ അംഗൻവാടികളിൽ പുനരുദ്ധാരണം-96/17 | 127693 |
| 7. | മൽസ്യമാർക്കറ്റിൽ റോളിംഗ് ഷട്ടർ സ്ഥാപിക്കൽ--99/17 | 235000 |
| 8. | കൊല്ലത്തുകുളമ്പ് മിനി കുടിവെള്ളപദ്ധതി-101/17 | 200000 |

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരവും ആവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/21.08.2017) ലഭ്യമായ മറുപടി ക്രമനം. 5,6,8 എന്നീ 3 പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചു എന്നും ക്രമനം.1,2,3,4,7എന്നീ 5പ്രവൃത്തികൾ ആരംഭിക്കാത്തതിനാൽ ഉപേക്ഷിച്ചു എന്നുമാണ്. എന്നാൽ ഇവ എന്തുകൊണ്ടാണ് ആരംഭിക്കാത്തത് എന്ന് മറുപടിയിൽ ഇല്ല. കൂടാതെ ഇവ ടെണ്ടർ ചെയ്ത് കരാറുകാരുമായി എഗ്രിമെന്റ് വെച്ച ശേഷമാണോ ആരംഭിക്കാത്തതിനാൽ ഉപേക്ഷിച്ചത് എന്നും മറുപടിയിൽ നിന്നും വ്യക്തമല്ല. എഗ്രിമെന്റ് വെച്ച ശേഷം കരാറുകാരുടേതായ കാരണം കൊണ്ടാണ്

ഉപേക്ഷിച്ചതെങ്കിൽ അവരുടെ സെക്യൂരിറ്റി നിക്ഷേപം കണ്ടുകെട്ടേണ്ടതും മേൽ പ്രവൃത്തികൾ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ പൂർത്തീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-12 പൊതുമരാമത്തു പ്രവൃത്തികൾ -പൊതു അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ.രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു..

| വകയിരുത്തിയത് | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 84 | 16331805 | 35 | 4936448 |

വകയിരുത്തിയ തുകയുടെ 30% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്ടുകളുടെ 41.6% ൽ മാത്രമേ ചെലവു നടന്നുള്ളൂ. തൻവർഷം അംഗീകരിച്ച 84പ്രൊജക്റ്റുകളിൽ 23 സ്പിൽഓവർ പ്രൊജക്ടുകളുള്ളതിൽ 5 എണ്ണം ഉപേക്ഷിക്കപ്പെട്ടു. പുതിയ പ്രൊജക്ടുകളിൽ 20 എണ്ണത്തിൽ മാത്രമേ ചെലവുള്ളൂ.

അംഗീകാരം വാങ്ങിയ പ്രൊജക്റ്റുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

പ്രവൃത്തികളിൽ പൂർത്തീകരണ സമയം ദീർഘിപ്പിക്കുമ്പോഴും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോഴും കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.ഈ അപാകത പരിഹരിക്കേണ്ടതാണ്. ടെണ്ടർ ചെയ്യുന്നതിനു മുൻപായി തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത ഉറപ്പു വരുത്തി പ്രവൃത്തികൾക്ക് സ്ഥലം ലഭ്യമാകാത്തതുമൂലം പൂർത്തീകരണത്തിന് കാലതാമസം വരുന്നത് ഒഴിവാക്കേണ്ടതാണ്.

# 3-13 പഞ്ചായത്ത് ഫ്രണ്ട്ഓഫീസ് ഹാൾ നിർമ്മാണം- പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടണം

പ്രൊജക്റ്റ് നം.-126/17

അടങ്കൽ -1400000/-

കരാറുകാരൻ -ശ്രീ അഫ്സൽ അലി.എം.

ബിൽ നം. -30/16-17/31.3.17-464551/-

അളവുപുസ്തകം-105/14-15

പഞ്ചായത്ത് ഫ്രണ്ട്ഓഫീസ് ഹാൾ നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുന്നതിനായി പഞ്ചായത്ത് കോമ്പൗണ്ടിലുള്ള സാക്ഷരതാമിഷൻ തുടർവിദ്യാകേന്ദ്രം പൊളിച്ചുമാറ്റിയിരുന്നു. 14 വർഷം പഴക്കമുള്ളതായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഈ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് 20199/-രൂപ ചെലവു കണക്കാക്കുകയും ഇത് കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ബിൽ ,അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ ഇനം 1 മുതൽ 5 വരെ പൊളിച്ചുമാറ്റിയ ഇനങ്ങൾ താഴെപ്പറയുന്നവയാണ്.

| ഇനം നം. | ഇനം | അളവ് |
|---|---|---|
| 1 | Demolishing RCC work | 2.843cum. |
| 2 | Demolishing brick Work | 9.08 cum. |
| 3 | Dismantling doors,windows,shutters,...etc. | 4 nos. |
| 4 | Demolishing stone rubble masonry | 3.54 cum. |
| 5 | Dismantling DR | 3.14 cum. |

പൊളിച്ചുമാറ്റിയ ഇനങ്ങളുടെ സർവ്വെ റിപ്പോർട്ട് (നം.01/2016-17 Dtd.02.12.2016)അനുസരിച്ച് ലഭ്യമായ ഇനങ്ങൾ താഴെപറയും പ്രകാരമാണ്.

| ഇനങ്ങൾ | ആകെ അളവ് | കണക്കിലെടുത്ത അളവ് | കണക്കിലെടുത്ത വില | കണക്കിലെടുത്ത ആകെ വില |
|---|---|---|---|---|
| Vengai wood fully panelled shutter | 4.710 ച.മീ. | 3.768 ച.മീ. | 1843.83/ച.മീ | 6948 |
| Dry rubble masonry | 1.52 cum. | 1.22cum. | 1200/cum. | 1464 |

| | | | | |
|---|---|---|---|---|
| RR masonry with hard stone in foundation......etc. | 3.12 cum. | 2.18cum. | 1200/cum. | 2616 |
| ആകെ വില കണക്കാക്കിയത് | | | | 11028 |

ഈ 3 ഇനങ്ങൾ ഒഴികെ പൊളിച്ചുമാറ്റിയ ഇഷ്ടിക, ജനലുകളും വാതിലുകളും ഉൾപ്പെടെ മറ്റ് ഇനങ്ങളൊന്നും തന്നെ ഉപയോഗയോഗ്യമായി കണക്കാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 09/21-8-2017) ത്തിന് ലഭിച്ച മറുപടി മേൽപ്പറഞ്ഞവ സ്റ്റാക്ക ചെയ്യുകയും ലേലത്തിനും തുടർനടപടികൾക്കുമായി പഞ്ചായത്തിൽ ഏല്പിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ്. ഇതിൽ Vengai wood panelled shutter പുനരുപയോഗത്തിന് നൽകണമെന്ന് വിക്കാപ് തുടർവിദ്യാകേന്ദ്രത്തിലെ പ്രേരക് ആവശ്യപ്പെട്ടതായി ഫയൽ പ്രകാരം കാണുന്നു. എന്നാൽ സെക്രട്ടറി ഇവ കൈപ്പറ്റി സ്റ്റോക്കിലെടുക്കുകയോ ലേലം ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിനാൽ തുടർവിദ്യാകേന്ദ്രം പൊളിച്ചുമാറ്റിയപ്പോൾ ലഭ്യമായ സാധനസാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെയും പുനരുപയോഗത്തിന് നൽകിയിട്ടുണ്ടെങ്കിൽ ആയത് ഉപയോഗിച്ചതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-14 പടിക്കൽപ്പാടം കുടിവെള്ളപദ്ധതിയ്ക്ക് പുതിയ കുഴൽക്കിണർ നിർമ്മാണം പ്രവൃത്തി- ടെണ്ടർ അംഗീകരിക്കുന്നതിന് കാലതാമസം

പ്രൊജക്റ്റ് നം.-138/16

അടങ്കൽ -125000/-

കരാറുകാരൻ -സമീന.എച്ച്.

ബിൽ നം. -9/16-17/25.3.17- 100018/-

അളവുപുസ്തകം-164/15-16

നിലവിലുള്ള കിണറിലെ ജലലഭ്യത കുറഞ്ഞതിനെത്തുടർന്ന് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പുതിയ കുഴൽക്കിണർ കുഴിക്കുന്നതിനും നിലവിലെ പദ്ധതിയിൽ ഉള്ള മോട്ടോറും പമ്പ്സെറ്റും പുതിയ കിണറിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും അതിനുള്ള പൈപ്പ് കണക്ഷനും ചെയ്യുന്നതിനുമാണ് ഈ പ്രൊജക്റ്റ്. കുഴൽക്കിണർ കുഴിക്കുന്നതിനുള്ള സ്ഥാനം നിർണ്ണയിച്ച സർവ്വേ റിപ്പോർട്ട് 5.11.15 ൽ ലഭ്യമായിട്ടുണ്ട്. എന്നാൽ 9.3.16 ൽ ടെണ്ടർ ചെയ്തിട്ടുള്ള ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികളിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 9.3.16ലെ ടെണ്ടറുകളിൽ ലഭ്യമായ ടെണ്ടർഫോമുകളിൽ ടെണ്ടർ തുറന്ന ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ക്വോട്ടു ചെയ്ത ടെണ്ടർ നിരക്ക് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. ലഭ്യമായ ടെണ്ടറുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുള്ളത് 25.6.16 ന മാത്രമാണ്.

3. 25.6.16 ന ശേഷം 26.5.16,13.6.16, 23.6.16, 15.7.16 എന്നീ തീയതികളിൽ ഭരണസമിതി കൂടിയിട്ടുണ്ടെങ്കിലും ടെണ്ടർ അംഗീകരിച്ചില്ല. 27.7.16 ലെ 10(1) തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ചത്.

4. സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

ടെണ്ടർ അംഗീകരിക്കുന്നതിന് വളരെയധികം കാലതാമസം (4 മാസത്തിലധികം) വന്നതിനും എസ്റ്റിമേറ്റിൽ ഇനം (5) പ്രകാരം കുഴൽക്കിണറിന്റെ yeild test നടത്തുന്നതിന് 7000/-രൂപ വകയിരുത്തിയിരുന്നെങ്കിലും നടപ്പിലാക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടതിന്(ഓഡിറ്റ് അന്വേഷണം നം. 09/21-8-2017) മറുപടി ലഭ്യമായില്ല. വിശദീകരണം നൽകേണ്ടതാണ്.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതുപോലെയുള്ള അത്യാവശ്യ പ്രവൃത്തികൾ സമയബന്ധിതമായി നടപടിക്രമങ്ങൾ പാലിച്ച് പൂർത്തീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥർ, ഭരണസമിതി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 ഭൗതിക സാഹചര്യങ്ങളുടെ അഭാവം -പദ്ധതി പൂർത്തീകരണം മാസങ്ങളോളം നീളുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെൻറിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല . ജി. ഒ. (പി) 13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ഡിപാർട്ട്മെന്റിലെ കാരണങ്ങൾമൂലം പൂർത്തീകരണം വൈകുമ്പോഴും ദീർഘീകരണത്തിന് എ. ഇ. മുഖേന കാലാവധി തീരുന്നതിനു മുൻപായി അപേക്ഷിക്കേണ്ടതാണ്. സമയം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവുന്നതല്ല. അല്ലെങ്കിൽ 6 മാസം(ഏതാണ് കുറവെങ്കിൽ അത്).പരമാവധി ദീർഘികരണം ഒറിജിനൽ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാവുന്നതല്ല. എന്നാൽ മേൽപ്രകാരം ചെയ്തിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്കു ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

| പ്രൊജക്റ്റ്/ പി.എ.സി/ ബിൽ നം. | ആരംഭിച്ചത് | പൂർത്തീകരിക്കേണ്ടത് | പൂർത്തീകരിച്ചത് | റിമാർക്സ് (മുകളിൽ സൂചിപ്പിച്ചവയ്ക്കു പുറമേ) |
|---|---|---|---|---|
| 1.കാട്ടുതെരുവ് പെരുന്തേനി | 19.9.15 | 31.3.16 | 31.10.16 | 1. പൂർത്തീകരണം 7മാസം വൈകി. |

| | | | | |
|---|---|---|---|---|
| തെരുവ്<br>റോഡ് പുനരുദ്ധാരണം, 82/16,<br>421961<br>ബിൽ നം.6/ 8.2.17<br>MB-131/15-16, 106/15-16. | | | | 2. പൊതു സ്ഥലത്തെ അനധികൃത കയ്യേറ്റം മൂലം ഡ്രെയിനേജ് നിർമ്മാണം ചെയ്യാൻ സാധിച്ചില്ല.<br>3. റിവൈസ്ഡ് എസ്റ്റിമേറ്റിൽ Comparative statement ൽ വ്യതിയാനത്തിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല.<br>4. Extra items ന് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല. |
| 2.കാട്ടുതെരുവ്, പ്രീയദർശിനി SCകോളനി കളിൽ കോൺക്രീറ്റിംഗ്, 134/16, 290568<br>ബിൽനം.<br>26/ 30.3.17<br>MB-103/16-17 | 14.9.15 | 31.3.16 | 29.3.17 | 1. പൂർത്തീകരണം12<br>മാസം വൈകി.<br>2. കരാറുകാരൻ അപേക്ഷ നൽകിയത് 9.11.16ൽ മാത്രമാണ്.<br>3. സ്ഥലത്തിന്റെ അതിർത്തി പ്രശ്നം കാരണം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. 31.12.16 വരെ സമയം ആവശ്യപ്പെട്ടാണ് കരാറുകാരന്റെ അപേക്ഷ. എന്നാൽ എ.ഇ. ടിയാന്റെ അപേക്ഷയിൽ പറഞ്ഞിരിക്കുന്നവ ശരിയാണെന്ന് ശുപാർശ ചെയ്യുകയോ സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. |
| 3.പടിക്കൽപ്പാടം (കൊങ്ങിണി) SCകോളനി | 16.1.15 | 31.3.15 | 6.2.17 | 1. പൂർത്തീകരണം 22മാസം വൈകി. |

| | | | | |
|---|---|---|---|---|
| റോഡ്പുനരു ദ്ധാരണം, 39/15, 124230<br>ബിൽ നം.-31/ 31.3.17<br>MB-125/ 15-16 | | | | 2. കരാറുകാരൻ<br>അപേക്ഷ നൽകിയത് 3.11.16ൽ മാത്രമാണ്.<br>3. അപേക്ഷയിൽ പ്രവൃത്തിയുടെ സ്ഥലത്തിൽ തർക്ക ങ്ങൾഉള്ളതു കൊണ്ട് പദ്ധതി മുന്നോട്ടുപോകുന്നില്ല എന്നും ഇക്കാര്യ ത്തിൽഒരു തീരുമാനം ഉണ്ടാക്കി തരണ മെന്നുമാണ്.തുടർ നടപടികൾ സ്വീകരിക്കണമെന്ന് എ.ഇ. സെക്രട്ടറിയോട് ശുപാർശ ചെയ്തിട്ടുണ്ട്.<br>4.മെറ്റലിംഗ് ഒഴിവാക്കി പൂർണ്ണമായും കോൺക്രീറ്റിംഗ് പ്രവൃത്തിയാക്കി എസ്റ്റിമേറ്റ് റിവൈസ് ചെയ്തത്, Comparative statement എന്നിവയ്ക്ക് അംഗീകാരം ലഭിച്ചതിന്റെ രേഖ ഇല്ല. |
| 4.കാട്ടയൻ തെരുവ് മിനി കുടിവെള്ള പദ്ധതി, 84/16, 256894<br>ബിൽനം. 34/31.3.17<br>MB-103/ 15-16 | 19.9.15 | 31.3.16 | 28.3.17 | 1.പൂർത്തീകരണം 12മാസം വൈകി.<br>2. 29.2.16 ലെ കത്ത് പ്രകാരം ഭൂജലവകുപ്പ് Yeild test ന്റെ ഫൈനൽ ബിൽ നൽകിയിട്ടുണ്ടെങ്കിലും Test Report ലഭിച്ചത് 15.6.16 നാണ്.(ദിവസം 24000 ലിറ്റർ വെള്ളം പമ്പ് ചെയ്യാവുന്നതാണെന്ന്) |

| | | | | |
|---|---|---|---|---|
| | | | | 3. പ്രവൃത്തി പൂർണ്ണമായും ചെയ്യുന്നതിനു കരാർ നിലവിലുള്ളതാണെങ്കിലും എ.ഇ. വീണ്ടും 27.9.16 ന് (Yeild test Report ലഭിച്ച് 3മാസങ്ങൾക്കു ശേഷം!) സെക്രട്ടറിക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കത്തുനൽകികാണുന്നു.<br><br>4. മോട്ടോർ, പമ്പ്ഹൗസ് എന്നിവ സ്ഥാപിച്ചിട്ടുണ്ടെങ്കിലുംപദ്ധതിയുടെ എസ്റ്റിമേറ്റിൽ വൈദ്യുതി കണക്ഷനു തുക വകയിരുത്തിയിട്ടില്ല. നിലവിലെ സ്ഥിതി മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. |

മേൽ വിവരങ്ങൾ സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ (നം. 09/21-8-2017) ത്തിന് ലഭിച്ച മറുപടി ക്രമനമ്പർ 1ൽ പ്രവൃത്തിക്ക് തടസ്സമായി നിന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കാലതാമസം വന്നതിനാലും ക്രമനമ്പർ 2& 3 എന്നിവ പ്രവൃത്തിയുടെ സ്ഥലത്ത് തർക്കങ്ങൾ നിലനിന്നിരുന്നതിനാലും ക്രമനമ്പർ 4 Yeild test Result വൈകിയതിനാലുമാണ് നിശ്ചിതസമയത്ത് പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്നും തക്കതായ കാരണമുള്ളതു കൊണ്ടാണ് കരാറുകാരിൽനിന്നും പിഴ ഈടാക്കാതിരുന്നത് എന്നാണ്. ഇത് പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. കാരണം ക്രമനമ്പർ 2 ൽ കരാറുകാരൻ 31.12.16 വരെയേ സമയം ആവശ്യപ്പെട്ടുള്ളൂ എങ്കിലും കൂടുതൽ സമയം പൂർത്തീകരണത്തിന് അനുവദിച്ചു. കൂടാതെ ക്രമനമ്പർ 4ൽ Yeild test Result ലഭിച്ച് 3മാസങ്ങൾക്കു ശേഷമാണ് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കത്തു നൽകുന്നത്.

ഓഡിറ്റ് നിർദ്ദേശം

1. എഗ്രിമെന്റ് വെയ്ക്കുമ്പോഴും പൂർത്തീകരണ ദീർഘീകരണത്തിനും കേരളാ പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2. പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനു മുൻപായി തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

3. മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട സേവനങ്ങൾ സമയ ദൈർഘ്യം കൂടാതെ ലഭ്യമാകുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. പദ്ധതിനിർവ്വഹണത്തിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

5. ക്രമനമ്പർ 2 ൽ 31.12.16 ന ശേഷമുള്ള കാലയളവിലെ പിഴ താഴെ ചേർത്ത പ്രകാരം 2809 രൂപ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതാണ്.

പിഴ 1.1.2017 മുതൽ 28.3.2017 വരെ @ 1%= 290568 x 1/100 x 87/90 = 2809.00

6. ക്രമനമ്പർ 4 ൽ Yeild test Result ലഭിച്ച തീയതി മുതൽ 39 ദിവസങ്ങൾക്ക ( യഥാർത്ഥ പൂർത്തീകരണ കാലാവധിയുടെ 20%) ശേഷമുള്ള കാലയളവിലെ പിഴ താഴെ ചേർത്ത പ്രകാരം 11246.00 രൂപ ഈടാക്കേണ്ടതാണ്.

പിഴ കണക്കാക്കേണ്ടത് 25.7.2016 മുതൽ 27.3.2017 വരെ
25.7.2016 – 24.10.2016 @ 1%=256894 x 1% = 2569.00
25.10.2016 – 24.1.2017 @2% = 5138.00
25.1.17 – 27.3.2017 @2 % 256894 x 2% x 62/90 = 3539
ആകെ 11246.00

7.ക്രമനം. 1, 3 എന്നിവയുടെ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് , കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

# 3-16 എസ്.എസ്.എ. വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.എസ്.എ.വിഹിതം നൽകൽ(4/17) പദ്ധതിപ്രകാരം 766021/-രൂപ (ട്രഷറി ബിൽ നം. 8/30.9.2016) പ്രോജക്റ്റ് ഓഫീസർ, എസ്.എസ്.എ, പാലക്കാട്-ന് നൽകിയിട്ടുണ്ട് . തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1. പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2016-17 | 75000 | പാലിയേറ്റീവ് കെയർ | 75000 | 0 |
| | 2016-17 | 77000 | ഒ.ഡി.എഫ് (ജനറൽ) | 0 | 77000 |
| | 2016-17 | 52000 | ഒ.ഡി.എഫ് (എസ്.സി.പി) | 0 | 52000 |
| | 2016-17 | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2016-17 | 660000 | സമഗ്ര നെൽകൃഷി വികസനം | 660000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| സെക്രട്ടറി,ബ്ലോക്ക് പഞ്ചായത്ത്. | പി.എം. എ.വൈ ഭവനപദ്ധതി പഞ്ചായത്ത് വിഹിതം ജനറൽ(20/17) | 100000/- | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | |

| | | | |
|---|---|---|---|
| | ട്രഷറിബിൽ നമ്പർ 22/14.3.2017 | | |
| | പി.എം. എ.വൈ ഭവനപദ്ധതി പഞ്ചായത്ത് വിഹിതം എസ്.സി.പി(21/17) ട്രഷറിബിൽ നമ്പർ 21/14.3.2017 | 450000/- | |
| കെ.എസ്.ഇ.ബി | വിവിധ സ്ഥലങ്ങളിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (108/17) ട്രഷറിബിൽ നമ്പർ 17/25.1.2017 | 109457/- | |
| | വിശ്വകർമ്മ നഗർ തെരുവ് വിളക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ (133/17) ട്രഷറിബിൽ നമ്പർ 19/14.3.2017 | 30000/- | |

ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗം, പ്രവൃത്തികളുടെ പൂർത്തീകരണം എന്നീ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | GO(ms)No. 1000/2010/LSGD/ 24.3.2011 | 10276500 | 4102250 | 1030000 | - | 3072250 |

വാർഷിക ധനകാര്യ പത്രികയിൽ ഷെഡ്യൂൾ 13-5 ൽ വർഷാവസാനം തിരിച്ചടക്കാൻ ബാക്കി 4102250 രൂപയാണ്. ലോൺ രജിസ്റ്റർ പ്രകാരം 3072250 രൂപയാണ്. അക്കൗണ്ട് സർട്ടിഫിക്കേഷനിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

# 4-5. സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 21099/-...രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 9633/- | സുരേഷ്കുമാർ.<br>അസി.എഞ്ചിനീയർ | 11607400020/ 27.12.2016 |
| 2012-13 | 3-3 | 660/- | വിജയകുമാർ,<br>അക്കൗണ്ടന്റ് | 11607101174/ 4.7.2016 |
| 2012-13 | 3-5 | 2325/- | പി.കെ.സുരേഷ് ബാബു,<br>കോൺട്രാക്ടർ | 11607101193/ 5.7.2016 |
| 2012-13 | 3-3 | 1410/- | ആർ.രാജു,<br>പ്യൂൺ(റിട്ടയേർഡ്) | 11607101195/ 5.7.2016 |
| 2014-15 | - | 7071/- | പി.കെ.സുരേഷ് ബാബു,<br>കോൺട്രാക്ടർ | 11607101262/ 13.7.2016 |

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല.

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35880100 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 36529032 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 70313 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 424340 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 34043 | ശ്രീ സിറോഷ് .എച്ച്, അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| 3-3 | | 5040 | ശ്രീ എൻ.എൻ.മുഹമ്മദ് കാസിം,സെക്രട്ടറി |
| 3-4 | | 3507 | ശ്രീ എൻ.എൻ.മുഹമ്മദ് കാസിം,സെക്രട്ടറി |
| 3-9 | | 13668 | (12425)-ശ്രീ ആർ.ഹരി, അസിസ്റ്റന്റ് എഞ്ചിനീയർ (1243)-ശ്രീമതി സുഷമ.വി.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | | 14055 | ശ്രീമതി സജ്ന.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 70313 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 278890 | ശ്രീ,സിറോഷ് .എച്ച് ,അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 145450 | ശ്രീ എൻ.എൻ.മുഹമ്മദ് കാസിം,സെക്രട്ടറി |
| ആകെ | 424340 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡികനം | തുക | നികുതി | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-6 | 9900 | ആദായനികുതി | എൻ.എൻ. മുഹമ്മദ് കാസിം,സെക്രട്ടറി |
| | 4950 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം | |
| 3-7 | 9195 | ആദായനികുതി | എൻ.എൻ. മുഹമ്മദ് കാസിം,സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖണ്ഡിക 3-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ എൻ.എൻ. മുഹമ്മദ് കാസിം,സെക്രട്ടറി | സെക്രട്ടറി, പുതുനഗരം ഗ്രാമപഞ്ചായത്ത് | എൻ.ജെ.മൻസിൽ, നണ്ടൻകിഴായ, ആനമാറി(പി.ഒ), കൊല്ലങ്കോട്. |
| ശ്രീ ആർ.ഹരി., അസിസ്റ്റന്റ് എഞ്ചിനീയർ, | ലഭ്യമല്ല | കൊടക്കാപിള്ളി(H), ശക്തിപുരം, മേക്കടമ്പ് (പി.ഒ.), മൂവാറ്റുപുഴ. |
| ശ്രീ സിറോഷ്.എച്ച്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | കൊറ്റിനാട്ട് വീട്, ആലുംപീടിക(പി.ഒ), കൊല്ലം |
| ശ്രീമതി | അസിസ്റ്റന്റ് | |

| | | |
|---|---|---|
| സജ്ന.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ | എഞ്ചിനീയർ, പുതുനഗരം ഗ്രാമപഞ്ചായത്ത് | വിപഞ്ചിക, വള്ളോലി ലെയിൻ-3, പുതൂർ, പാലക്കാട്-1. |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF P9-217/06/22.7.06/8.8.06<br>LF P8-723/97/5.6.00 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | LF P9-1271/06/5.7.07 | ശുദ്ധിപത്രം |
| 1998-99 | LF P9-725/05/13.2.06/2.5.06 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | LFP19/1068/12/4.7.12 | പകർപ്പ് അനുവദിച്ച കത്ത് |
| 2000-01 | LFP19/1967/13/11.7.14/ 10.12.14 | പുനരഭിപ്രായം |
| 2001-02 | LFP19/1631/13/11.7.14/ 28.11.14 | പുനരഭിപ്രായം |
| 2002-03 | LFP19/1632/13/17.11.14/ 28.11.14 | പുനരഭിപ്രായം |
| 2003-04 | LFP19/1628/13/17.11.14/ 4.12.14 | പുനരഭിപ്രായം |
| 2004-05 | LFP19/1546/13/19.11.14/ 28.11.14 | പുനരഭിപ്രായം |
| 2005-06 | LFP19/1388/13/28.11.14/ 4.12.14 | പുനരഭിപ്രായം |
| 2006-07 | LFP19/141/15/26.6.15/6.7.15 | സാധൂകരണം സംബന്ധിച്ച് ഹെഡാഫീസിലേക്ക് കത്ത് |
| 2007-08 | LFP19/1387/13/24.11.14/ 4.12.14 | പുനരഭിപ്രായം |
| 2008-09 | LFP19/1378/13/17.11.14/ 28.11.14 | പുനരഭിപ്രായം |
| 2009-10<br>2010-11 | LFP19/2205/13/16.12.14/ 6.2.15 | പുനരഭിപ്രായം |
| | [illegible] | [illegible] |

| | | |
|---|---|---|
| 2011-12 | LFP19/350/15/13.4.15/18.4.15 | ഖ-3(6) ഒഴിവാക്കിക്കൊണ്ട് കത്ത് |
| 2012-13 | നം.എൽ.എഫ്.പി.17/391/15 /18.05.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 2014-15 | | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി/19-9/201731.12.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി 19-2032/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തിയതി 23.10.2017.

ഓഡിറ്റ് സർട്ടിഫിക്കറ്റ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. തൊഴിൽ രഹിത അലവൻസ്-യഥാർത്ഥ വരവും വാർഷിക ധനകാര്യ പത്രികയിൽ ചേർത്ത വരവും തമ്മിൽ വ്യത്യാസം ഉണ്ട്.

3. ഇ.എം.എസ്. ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ ബാക്കിയുള്ള തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയും തമ്മിൽ വ്യത്യാസം ഉണ്ട്.

4. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD 19-2032/2017

Kerala State Audit Department,

District Audit Office,Palakkad.

Date. 23.10.2017.

## Audit Certificate

Certified that I have audited the Annual Financial Statement Pudunagaram Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pudunagaram Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director.

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. UnEmployment Allowance in Receipt & Payment Statement in AFS is not in agrement with the actual receipt.

3. Blance of EMS LOAN Repayment in Balance Sheet is not in agrement with the Loan Regiser.

4.. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

Deputy Director.